## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

## പോലീസ് സ്പെഷ്യൽ സി.ഐ.ഡി വിഭാഗത്തിലെ നിയമനങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1946 — 22.01.2014-ൽ മറുപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

| | | |
|---|---|---|
| (എ) | എപ്പോഴാണ് പോലീസ് സ്പെഷ്യൽ സി.ഐ.ഡി വിഭാഗത്തിലെ മിനിസ്റ്റീരിയൽ നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടത് ; എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നു ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി വിഭാഗത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം പി.എസ്.സിയ്ക്ക് വിട്ടത് 17.12.2010 തീയതിയിലെ സർക്കാർ ഉത്തരവ് (MS)No.272/2010/Home പ്രകാരമാണ്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതനുസരിച്ച് ഇരുപത് ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത നിയമനങ്ങൾ പി.എസ്.സി യിൽ നിന്നും മാറ്റി തിരികെ പോലീസ് വകുപ്പിന് നൽകി ഉത്തരവായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | 17.11.2012 തീയതിയിലെ സർക്കാർ ഉത്തരവ് (MS)No.288/12/Home പ്രകാരം പ്രസ്തുത നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിട്ടത് റദ്ദാക്കുകയും പഴയ രീതി തുടരാൻ ഉത്തരവാകുകയും ചെയ്തു. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് സർക്കാർ പി.എസ്.സി ക്ക് കത്ത് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഇത് സംബന്ധിച്ച് പി.എസ്.സിയുടെ നിലപാടെന്താണ് ; | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഒരിക്കൽ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ റദ്ദ് ചെയ്യുന്നതിനോ, കുറയ്ക്കുന്നതിനോ സാധ്യമല്ല എന്നും ആയതിനാൽ സ്പെഷ്യൽ ബ്രാഞ്ചിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച നടപടികൾ തുടരുന്നതാണെന്ന് പി.എസ്.സി അറിയിച്ചിട്ടുണ്ട്. എന്നാൽ സ്പെഷ്യൽ ബ്രാഞ്ചിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ ഉൾപ്പെടുത്തി കേരള പബ്ലിക് സർവീസ് കമ്മീഷൻ (കൺസൾട്ടേഷൻ) റെഗുലേഷൻസ്, 1957-ൽ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ മേൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് തുടർ നടപടികൾ നിർത്തിവയ്ക്കണമെന്ന് സർക്കാർ പി.എസ്.സിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | 26.10.2013 ന് പി.എസ്.സി നടത്തിയ പോലീസ് സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി വിഭാഗത്തിലെ അസിസ്റ്റന്റ് നിയമനത്തിന് എത്ര ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി ; എത്ര ഒഴിവുകളിലേക്കാണ് നിയമനം നടത്തുന്നത് ? | 26.10.2013-ന് നടത്തിയ എസ്.ബി.സി.ഐ.ഡി-യിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള പരീക്ഷയ്ക്ക് 10,322 ഉദ്യോഗാർത്ഥികൾ ഹാജരായി. നിലവിലുള്ള 20 ഒഴിവുകളിലേയ്ക്കും ഭാവിയിൽ റിപ്പോർട്ട് ചെയ്യപ്പെടാവുന്ന ഒഴിവുകളിലേയ്ക്കുമാണ് റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**